**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5155** **12-08-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറക്കുന്നതിനായി ഈ സർക്കാർ ഇറക്കിയ ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറയ്ക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ? | (എ) | സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. സേവന ദാതാക്കൾ സേവന നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിയന്ത്രിത ചെലവുകളിന്മേൽ അനുമതി നൽകുന്നതടക്കമുള്ള കാരണങ്ങളാൽ ഈ ഇനങ്ങളിലുള്ള ചെലവുകളിൽ മേൽ പരാമർശിത നിയന്ത്രണങ്ങളിലൂടെ എത്രത്തോളം കുറവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുക അപ്രായോഗികമാണ്. |

സെക്ഷൻ ഓഫീസർ